ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 03.11.2024** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായ്ക്കെതിരെ കനേഡിയൻ ഡെപ്യൂട്ടി മന്ത്രി നടത്തിയ പരാമർശങ്ങളിൽ പ്രതിഷേധം അറിയിച്ച് ഇന്ത്യ; ഇത്തരം നടപടികൾ ഉഭയകക്ഷി ബന്ധത്തിന് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് വിദേശകാര്യമന്ത്രാലയം.

   **India strongly protests allegations made by Canada's Deputy Minister with reference to Union Home Minister Amit Shah; cautions, such irresponsible actions will have serious consequences for bilateral ties.**

2. വിദേശകാര്യമന്ത്രി എസ് ജയശങ്കറിന്റെ ആറു ദിവസത്തെ ഓസ്ട്രേലിയ, സിംഗപ്പൂർ സന്ദർശനത്തിന് ഇന്ന് തുടക്കമാകും.

   **External Affairs Minister S. Jaishankar will be on a six day visit to Australia and Singapore beginning today.**

3. ഒരു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിലെത്തുന്ന കേന്ദ്ര റെയിൽവെ - വാർത്താവിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വനി വൈഷ്ണവ് വിവിധ റെയിൽവെ വികസന പദ്ധതികൾ അവലോകനം ചെയ്യും.

   **Union Railway - Information and Broadcasting Minister Ashwini Vaishnaw, to arrive in Kerala today for a one-day visit, will review various railway development projects.**

4. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ വയനാട്, പാലക്കാട്, ചേലക്കര മണ്ഡലങ്ങളിൽ പ്രചാരണം ഊർജ്ജിതം.

   **Campaigning is vigorous in Kerala's Wayanad, Palakkad and Chelakara constituencies for the upcoming by-elections.**

5. സ്വിസ് ഓപ്പൺ ഇൻഡോർ അമ്പെയ്ത്ത് മത്സരത്തിൽ ഇന്ത്യയുടെ അതനു ദാസിന് വെങ്കലം; ഹൈലോ ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ മാളവിക ബൻസോദ് ഫൈനലിൽ.

**India's Atanu Das wins Bronze medal in Swiss Open Indoor Archery; In Badminton, India's Malvika Bansod stormed into the final of the Hylo Open.**

&&&&&&&&&&&&&&&&

# HEADLINE – 1

## MEA CANADA

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായ്ക്കെതിരെ കനേഡിയൻ ഡെപ്യൂട്ടി മന്ത്രി ഡേവിഡ് മോറിസൺ, പൊതു സുരക്ഷയും ദേശീയ സുരക്ഷയും സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് മുമ്പാകെ നടത്തിയ പരാമർശങ്ങളിൽ ഇന്ത്യ പ്രതിഷേധം അറിയിച്ചു. കനേഡിയൻ ഉന്നത ഉദ്യോഗസ്ഥർ അന്താരാഷ്ട്ര മാധ്യമങ്ങൾക്ക് അടിസ്ഥാനരഹിതമായ വിവരങ്ങൾ ചോർത്തി നൽകുകയാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. നിരുത്തരവാദപരമായ ഇത്തരം നടപടികൾ ഉഭയകക്ഷി ബന്ധത്തിന് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&

## MEA CHINA

ഇന്ത്യയും ചൈനയും തമ്മിലുള്ള ധാരണ പ്രകാരം ഡെംചോക്കിലും ഡെപ്സാങ്ങിലും സുരക്ഷാ പട്രോളിംഗ് ആരംഭിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഒക്ടോബർ 21-ന് ഇന്ത്യയും ചൈനയും തമ്മിലുള്ള സൈനിക പിന്മാറ്റത്തിന്റെ അവസാന ഘട്ടത്തിന് ധാരണയായതായി മന്ത്രാലയ വക്താവ് രൺധീർ

ജയ്സ്വാൾ വ്യക്തമാക്കി. ചൈനയുമായുള്ള ബന്ധം സുസ്ഥിരമാക്കുന്നതിന് വിദേശകാര്യ മന്ത്രിമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും ചർച്ചകൾ തുടരുമെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE – 2
## JAISHANKAR-AUSTRALIA SINGAPORE

വിദേശകാര്യമന്ത്രി എസ് ജയശങ്കറിന്റെ ആറു ദിവസത്തെ ഓസ്ട്രേലിയ, സിംഗപ്പൂർ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ബ്രിസ്ബണിൽ എത്തുന്ന അദ്ദേഹം ഓസ്ട്രേലിയയിലെ ഇന്ത്യയുടെ നാലാമത്തെ കോൺസുലേറ്റ് ഉദ്ഘാടനം ചെയ്യും. ഓസ്ട്രേലിയൻ പാർലമെൻറ് ഹൗസിൽ നടക്കുന്ന രണ്ടാമത് Raisina Down Under - ൻറെ ഉദ്ഘാടന സമ്മേളനത്തിൽ ശ്രീ ജയശങ്കർ മുഖ്യപ്രഭാഷണം നടത്തും. ഈ മാസം 8 ന് സിംഗപൂരിലെത്തുന്ന വിദേശകാര്യ മന്ത്രി ASEAN – India Network of Think Tanks ന്റെ 8-ാമത് വട്ടമേശ സമ്മേളനത്തെ അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&

## HEADLINE – 3
## ASWINI VAISHNAV - KZD - INTRO

കേന്ദ്ര റെയിൽവേ, വാർത്താ വിതരണപ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് കേരളത്തിലെത്തും. കൊച്ചിയിൽ നിന്നും റയിൽമാർഗം കോഴിക്കോടെത്തുന്ന അദ്ദേഹം പാലക്കാട് ഡിവിഷൻ പരിധിയിലെ റയിൽ വികസന പദ്ധതികൾ അവലോകനം ചെയ്യും. വൈകിട്ട് കോഴിക്കോട്, ജന്മഭൂമി ദിനപത്രത്തിൻ്റെ

സുവർണ്ണജൂബിലി ആഘോഷം കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....**

(വോയ്സ്)

&&&&&&&&&&&&&&&&

## TRAIN ACCIDENT

ഷൊർണ്ണൂരിൽ തീവണ്ടി തട്ടി പുഴയിലേക്ക് തെറിച്ചു വീണ ശുചീകരണ തൊഴിലാളിക്കായുള്ള തിരച്ചിൽ പുനരാരംഭിച്ചു. തൊഴിലാളികളെ ഏർപ്പെടുത്തിയ കരാറുകാരനെതിരെ ക്രിമിനൽ കേസ് ചുമത്തിയതായി ദക്ഷിണ റെയിൽവേ അറിയിച്ചു. മരിച്ചവരുടെ ആശ്രിതർക്ക് റയിൽവെ ഒരു ലക്ഷം രൂപാ വീതം നൽകും. ഇന്നലെ ഉച്ചയ്ക്കാണ് ഷൊർണൂർ പാലത്തിന് മുകളിൽ കേരള എക്സ്പ്രസ്സ് തട്ടി തമിഴ്നാട് സ്വദേശികളായ ശുചീകരണ തൊഴിലാളികൾ അപകടത്തിൽ പെട്ടത്.

&&&&&&&&&&&&&&&&

## KASARGODE

കാസർഗോഡ് നീലേശ്വരം വെടിക്കെട്ട് അപകടത്തിൽ പൊള്ളലേറ്റ് കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. ചോയ്യങ്കോട് കിണാവൂർ സ്വദേശി സന്ദീപ് ആണ് മരിച്ചത്. അതേസമയം, കേസിൽ പ്രതിചേർക്കപ്പെട്ടവർക്ക് കീഴ് കോടതി അനുവദിച്ച ജാമ്യം കാസർഗോഡ് ജില്ല കോടതി റദ്ദാക്കി. നൂറ്റി അൻപതിലേറെ പേർക്കാണ് അപകടത്തിൽ പരിക്കേറ്റത്.

&&&&&&&&&&&&&&&&

## HEADLINE – 4

## KERALA -BY-ELECTION

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ വയനാട്, പാലക്കാട്, ചേലക്കര മണ്ഡലങ്ങളിൽ പ്രചാരണം ഊർജിതമായി. ഈ മാസം 11 ന് വൈകിട്ടാണ് പരസ്യപ്രചാരണം അവസാനിക്കുന്നത്. വയനാട്ടിൽ UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ഇന്ന് മുതൽ തിരഞ്ഞെടുപ്പ് പ്രചരണം നടത്തും. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും പ്രിയങ്കക്കായി പ്രചാരണത്തിനെത്തുന്നുണ്ട്. LDF സ്ഥാനാർഥി സത്യൻ മൊകേരിയുടെ പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ബുധനാഴ്ച കൽപ്പറ്റയിലെത്തും. NDA സ്ഥാനാർത്ഥി നവ്യ ഹരിദാസിന്റെ പ്രചാരണത്തിനായി BJP സംസ്ഥാന അധ്യക്ഷൻ K സുരേന്ദ്രൻ ഇന്നലെ ജില്ലയിലെത്തിയിരുന്നു.

&&&&&&&&&&&&&&&&

## NT. JHARKHAND-AMIT SHAH

രണ്ട് ദിവസത്തെ ഝാർഖണ്ഡ് സന്ദർശനത്തിനായി റാഞ്ചിയിലെത്തിയ മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ പാർട്ടിയുടെ പ്രകടനപത്രിക ഇന്ന് പുറത്തിറക്കും. സംസ്ഥാന ബിജെപി നേതാക്കളുമായി അദ്ദേഹം തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ അവലോകനം ചെയ്യും. വിവിധ തിരഞ്ഞെടുപ്പ് റാലികളെയും ശ്രീ അമിത്ഷാ അഭിസംബോധന ചെയ്യും. അതേസമയം മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.

&&&&&&&&&&&&&&&&

## EAM JAISANKAR - PARTNERSHIP - INTRO

ഇന്ത്യ ഒരു ആഗോള സുഹൃത്തായി നിലകൊള്ളുന്ന കാലഘട്ടമാണിതെന്ന് വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ. ന്യൂ ഡൽഹിയിൽ ഒരു പുസ്തക പ്രകാശന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പങ്കാളികളെ വിലയിരുത്തുന്നതിൽ പരമാധികാരവും പ്രാദേശിക സമഗ്രതയും എല്ലായ്പ്പോഴും ഘടകങ്ങളായിരിക്കുമെന്ന് ശ്രീ ജയശങ്കർ വ്യക്തമാക്കി.

(വോയിസ്)

&&&&&&&&&&&&&&&&

## DEATHS OF ELEPHANTS

മധ്യപ്രദേശിലെ ബാന്ധവ്ഗഢ് കടുവാ സങ്കേതത്തിൽ പത്ത് ആനകൾ ചത്തതിനെ കുറിച്ച് അന്വേഷിക്കാൻ പരിസ്ഥിതി, വനം, മന്ത്രാലയം പ്രത്യേക സംഘത്തെ നിയോഗിച്ചു. സംഭവത്തിൽ മധ്യപ്രദേശ് സർക്കാർ അഞ്ചംഗ സംസ്ഥാനതല സമിതിയും രൂപീകരിച്ചു. സമഗ്രമായ അന്വേഷണത്തിന് ശേഷമായിരിക്കും മരണത്തിൻറെ അന്തിമ കാരണം നിർണ്ണയിക്കുക. ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ ഉദ്യോഗസ്ഥർ പ്രദേശത്തു നിരീക്ഷണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&

## US- PREZ POLLS

അമേരിക്കയിൽ പ്രസിഡൻറ് തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമായി. അടുത്ത പ്രസിഡൻ്റിനെ തീരുമാനിക്കാൻ ഇനി രണ്ടു ദിവസം മാത്രം. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപും ഡെമോക്രാറ്റിക് സ്ഥാനാർത്ഥി കമലാ ഹാരിസും വിവിധ പ്രദേശങ്ങളിൽ നിരവധി റാലികളിൽ പങ്കെടുത്തു. തപാൽ വഴിയോ

നേരത്തെയുള്ള വോട്ടിംഗ് സൈറ്റുകൾ വഴിയോ ഇതിനകം 70 ദശലക്ഷത്തിലധികം വോട്ടുകൾ രേഖപ്പെടുത്തി.

&&&&&&&&&&&&&&&&

## RAJNATH DEFENCE EXPORT - INTRO

ഇന്ത്യയുടെ ആത്മനിർഭർ ഭാരത് ദൗത്യം പ്രതീക്ഷിച്ച ഫലം നൽകുന്നുണ്ടെന്നും 2029-30 ഓടെ പ്രതിരോധ കയറ്റുമതി 50,000 കോടി രൂപയിലെത്തുമെന്നും രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. കാൺപൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടന്ന 65-ാമത് സ്ഥാപക ദിനാഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നിർമ്മിതബുദ്ധി പോലുള്ള പ്രധാന മേഖലകളിൽ പ്രാവീണ്യം നേടാൻ രാജ്യങ്ങൾ മത്സരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&

## RAILWAYS SPECIAL TRAINS

ഉത്സവ സീസണിൽ യാത്ര തിരക്ക് കുറയ്ക്കാനായി ഇന്ത്യൻ റെയിൽവേ ഏർപ്പെടുത്തിയ പ്രത്യേക ട്രെയിൻ സർവീസുകൾ തുടരുന്നു. ഡൽഹി-എൻസിആറിൽ നിന്ന് രാജ്യത്തിൻ്റെ വിവിധ ഭാഗങ്ങളിലേക്ക് 20 ഓളം സ്പെഷ്യൽ ട്രെയിനുകൾ ഇന്ന് സർവീസ് നടത്തുന്നുണ്ട്. ദർഭംഗ, റാഞ്ചി, പട്ന, കത്ര, മുസാഫർപൂർ, കാമാഖ്യ, അസംഗഢ് എന്നിവിടങ്ങളിലേക്കുള്ള പ്രത്യേക ട്രെയിനുകൾ ഇതിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&

## HEADLINE – 5
## ARCHERY SWISS INDOORS

സ്വിറ്റ്സർലൻറിൽ നടക്കുന്ന സ്വിസ് ഓപ്പൺ ഇൻഡോർ അമ്പെയ്ത്ത് മത്സരത്തിൽ ഇന്ത്യയുടെ അതനു ദാസിന് വെങ്കലം. സ്വിസ് താരത്തെ പരാജയപ്പെടുത്തിയാണ് പുരുഷ വിഭാഗം റീക്കർവ് മത്സരത്തിൽ താരം വെങ്കല മെഡൽ സ്വന്തമാക്കിയത്. 31 രാജ്യങ്ങളിൽ നിന്നുള്ള 300-ലധികം താരങ്ങൾ മത്സരങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&

## HEADLINE – 5 (A)
## MALVIKA BANSOD

ജർമ്മനിയിൽ നടക്കുന്ന ഹൈലോ ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ മാളവിക ബൻസോദ് ഫൈനലിൽ. ആറാം സീഡായ മാളവിക സെമിയിൽ ഡാനിഷ് താരത്തെയാണ് പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന ഫൈനലിൽ മാളവിക, ഡാനിഷ് താരം മിയ ബ്ലിച്ച്ഫെൽഡിനെ നേരിടും.

&&&&&&&&&&&&&&&&

## CRICKET

ഇന്ത്യക്കെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയുടെ മൂന്നാം മത്സരത്തിൽ, ഒരു വിക്കറ്റ് മാത്രം ശേഷിക്കെ ന്യൂസിലൻഡിന് 143 റൺസിൻറെ ലീഡ്. രണ്ടാം ഇന്നിങ്സിൽ 9 വിക്കറ്റിന് 171 റൺസ് എന്ന നിലയിലാണ് ന്യൂസിലൻഡ്. നേരത്തെ ഇന്ത്യയുടെ ഒന്നാം ഇന്നിങ്സ് 235 റൺസിന് അവസാനിച്ചിരുന്നു. ആദ്യ രണ്ട് ടെസ്റ്റ് മത്സരങ്ങളും ജയിച്ച ന്യൂസിലൻഡ് ഇതിനകം പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&